


ഫാ. രാജേഷ് വയലുങ്കൽ

പീലാത്തോസ് പ്രത്തോറിയത്തിൽ വച്ച് അതീവ നിർണ്ണായകമായ ഈ ചോദ്യം ചോദിച്ചു. “നീ യഹൂദരുടെ രാജാവാണോ?” ഈശോമിശിഹാ അതിന് മറുപടിയായി തന്റെ രാജത്വത്തിന്റെ ഔന്നത്ധ്യം പ്രഖ്യാപിക്കുന്നു. “എന്റെ രാജ്യം ഐഹികമല്ല.” രാജാധികാരത്തിന്റെ ആടയാഭരണവും ചെങ്കോലുമൊക്കെ “ബാഹുബലി” കാലയളവിൽ ജീവിക്കുന്ന നമുക്ക് പെട്ടെന്ന് ഭാവന ചെയ്യുവാനാവും. അധികാരം ലഹരിയാക്കുമ്പോൾ മനുഷ്യൻ പിശാചാവുന്നത് ബൈബിൾ താളുകളിൽ മാത്രമല്ല ചരിത്രതാളുകളിലും വായിച്ചെടുക്കാനാവും. ദുഷ്ടരും ശിഷ്ടരുമായ രാജാക്കന്മാരുടെ ചരിത്രത്തിലൂടെ കടന്നുപോയ ഈ ലോകത്തിന് യഥാർത്ഥ രാജത്വം എന്താണെന്ന് മനസ്സിലാകണമെങ്കിൽ, രാജാക്കന്മാരുടെ രാജാവും കർത്താവുമായവന്റെ രാജ്യത്തെ മനസ്സിലാക്കാനാവണം. മരണത്തോടു അടുക്കുന്ന ഈശോമിശിഹായെ നോക്കി ആ കള്ളൻ പറയുകയാണ്. “നാഥാ നിന്റെ രാജ്യത്തിലേക്ക് വരുമ്പോൾ നീ എന്നെ കൂടെ ഓർക്കണമേ.” മിശിഹായുടെ കുരിശിൽ നോക്കിയപ്പോൾ, അതുവരെ ആരും ഒരുറപ്പും കൊടുക്കാത്ത മരണത്തിനപ്പുറമുള്ള യഥാർത്ഥരാജ്യം ആ കള്ളൻ കണ്ടു. ഇന്നു നീയും എന്നോടൊപ്പം പറുദീസായിലായിരിക്കും. എന്നുള്ള അവന്റെ മറുപടി, നാളെയോ, നാള കഴിഞ്ഞോ എന്നല്ല, മരണം എനിക്കുള്ള അവസാന വാക്കല്ല ജീവിതപൂർണ്ണതയിലേക്കുള്ള കടന്നുപോക്കാണ് എന്നായിരുന്നവന്റെ മറുപടി. മരണത്തെ കീഴടക്കിയ രാജാവാണ് ക്രിസ്തു, ഈ ലോകത്തിലെ എല്ലാ രാജാക്കന്മാരും രാജ്യങ്ങളും മരണത്തിന് മുമ്പിൽ കീഴടങ്ങി. ക്രിസ്തു മരണത്തെ അതിജീവിച്ച് ഉയർത്തു. അവന്റെ രാജ്യത്തിന് അവസാനമില്ല. ചരിത്രത്തിൽ ജലരേഖ പോലെ ഇല്ലാതെയായി മൺമറഞ്ഞ് ശൂന്യമായി ത്തീർന്ന നിരവധി രാജാക്കന്മാരും രാജ്യങ്ങളും ഉണ്ട്. എന്നാൽ ക്രിസ്തുരാജൻ ഇന്നലെയും ഇന്നും എന്നും എന്നേക്കും ജീവിക്കുന്നു.

വിദഗ്ധനായ കൈനോക്കുകാരന്റെ അടുത്തു ചെന്ന കൊച്ചു നെപ്പോളിയൻ കൈനീട്ടി ചോദിച്ചു. ഞാൻ രാജാവാകുമോ? കൈനോട്ടക്കാരൻ കൈകൾ പരിശോധിച്ചു. അയാൾ പറഞ്ഞു; "ഇല്ല നീ രാജാവാകില്ല. നിന്റെ കൈരേഖ ഇവിടെ അവസാനിക്കുകയാണ്." കൊച്ചു നെപ്പോളിയൻ കത്തി എടുത്തു തന്റെ കൈയ്യിൽ ചാല് കീറി രേഖ വലുതാക്കി. അത്ഭുതസ്തംഭനായ ഹസ്തരേഖ വിദഗ്ധൻ പറഞ്ഞു; "നീ രാജാവല്ല ചക്രവർത്തിയാകും."

ഈശോ മിശിഹാ രാജാവായി ഇന്ന് എന്റെ മുമ്പിൽ നിൽക്കുമ്പോൾ ഓർക്കണം പച്ചമാംസത്തെ തുളച്ച് പച്ചിരുമ്പിൽ സൃഷ്ടിക്കപ്പെട്ട ആണിപ്പഴുതുകളാണവന്റെ രാജത്വത്തിന്റെ അടയാളം. കുന്തം കൊണ്ട് തുളച്ച് തകർക്കപ്പെട്ട തിരുവിലാവാണവന്റെ രാജത്വത്തിന്റെ അടയാളം. അധികാരത്തിന്റെ ചെങ്കോൽ ഉപയോഗിക്കാതെ ശുശ്രൂഷയുടെ ദാസ്യപദം അലങ്കരിച്ച് ശിഷ്യരുടെ പാദം കഴുകി. വിശുദ്ധ കാഹളം മുഴക്കി അണികളെ ചാവേറാക്കി, തനിക്കെതിരായെന്ന് തോന്നിയവരെ ചുട്ടരിച്ചില്ല. മറിച്ച് അവൻ എന്നെന്നേക്കുമായി രക്തം ചിന്തി; അവസാനത്തുള്ളി രക്തംപോലും.

ഈ ലോകത്തിലെ ശിഷ്യന്മാർക്കുപോലും ക്രിസ്തു രാജനേയോ അവന്റെ രാജ്യത്തെയോ മനസ്സിലാക്കാനായില്ല. രാജ്യം സ്ഥാപിച്ച് അടക്കി വാഴുന്നു. അധികാരത്തിന്റെ രാജ്യത്തിലായിരുന്നു അവരുടെ പ്രതീക്ഷ. രാജത്വത്തിരുനാളിൽ ദാവീദിന്റെ പുത്രനെക്കുറിച്ചുള്ള പരാമർശം (മത്താ 22:41-16) സൂചിപ്പിക്കുക മിശിഹായെ ഭൗതിക മാനങ്ങളിൽ ഒതുക്കാനുള്ള ശ്രമത്തോടുള്ള ദൈവപുത്രന്റെ അതിശക്തമായ വിയോജിപ്പാണ്.

Dan Brown-ന്റെ Da vnici code-ലെ ബന്ധമല്ല, കർമ്മബന്ധത്തിലും രക്തബന്ധത്തിനും മീതെ ആത്മബന്ധത്തിൽ, പരിശുദ്ധ ആത്മബന്ധത്തിൽ അവിടുന്ന് സ്വന്തം രക്തം പരിശുദ്ധ കുർബാനയായി അവിടുന്ന് നൽകി. രാജകീയ പൗരോഹിത്യത്തിൽ ദൈവത്തെയും ജനത്തേയും സേവിക്കാൻ വിളിക്കപ്പെട്ടവരാണ് ഓരോ ക്രിസ്ത്യാനിയും. "നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിത ഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ, അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം (1 pet 2, 9). നിയമജ്ഞരും ഫരിസേയരും രാജസിംഹാസനത്തിലിരിക്കുന്നു. നിങ്ങൾ അവരെപ്പോലെയാകരുത്. ഈശോയുടെ രക്തം കുടിച്ച് അവന്റെ ബലിയിൽ പങ്കുപറ്റുന്നവർ ഈശോയുടെ രാജകീയത ജീവിക്കണം. യഥാർത്ഥ രാജാവായ ഈശോയുടെ രക്തം സിരകളിലൂടെ ഒഴുക്കുന്ന നാം സ്വയം ശൂന്യവത്കരിച്ച് ശുശ്രൂഷയുടെ രാജത്വം നിർവഹിക്കുന്നവരാകണം. എല്ലാവരുടെയും പുകഴ്ചയും കൈയ്യടിയുമല്ല, അപരന് വേണ്ടി മുറിയപ്പെടുന്നവരെ പരിപാലിക്കുന്ന മുറിയപ്പെടുന്ന അപ്പം സ്വീകരിച്ച് മുറിച്ച് നൽകപ്പെടാനാവട്ടെ.

അധികാരത്തിന്റെ ഗർവ്വ് കാണിക്കാനല്ല മറിച്ച് ആധികാരികതയോടുകൂടി ശുശ്രൂഷ ചെയ്യാനാണ് രാജത്വത്തിരുനാൾ നമ്മെ കടമപ്പെടുത്തുക. "Let us go to periphery" എന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രശസ്ത വാക്കുകൾ സുരക്ഷിതത്വം വിട്ട് ഇറങ്ങാൻ, ഈശോയുടെ രാജകീയ ശുശ്രൂഷ ചെയ്യുവാൻ നമ്മെ വെല്ലുവിളിക്കുന്നു. നമ്മുടെ സഭാസ്ഥാപനങ്ങളിലും, സെമിനാരികളിലും, സ്കൂളുകളിലും, കുടുംബങ്ങളിലും ഈശോമിശിഹാ രാജാവായി വാഴുക എന്നതിനർത്ഥം ഈശോമിശിഹായ്ക്ക് ഡയറക്ടറായി, സുപ്പീരിയറായി, റെക്ടറായി, കുടുംബനാഥനായി ഇരിക്കാനാവാത്ത ഒരു സാഹചര്യവും ഉണ്ടാക്കരുത് എന്ന് തന്നെയാണ്. ഈശോയാണ് അധികാരത്തിലെങ്കിൽ എന്താണോ അതാണ് നേതൃത്വവും ചെയ്യേണ്ടത് എന്നാണ് ഇതിന് അർത്ഥം. ശുശ്രൂഷയുടെ ഈ രാജത്വം ജീവിക്കുവാൻ നമുക്ക് കഴിയട്ടെ. ◆